## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 1421 30.01.2018 ൽ മറുപടിയ്ക്ക്

# ഇ-ഡിസ്ട്രിക്ട് സംവിധാനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.രാജൻ | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്ത് ഇ-ഡിസ്ട്രിക്ട് സംവിധാനത്തിലൂടെ എത്ര ഇനം സർട്ടിഫിക്കറ്റുകളാണ് നൽകുന്നതെന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കാമോ; | (എ) താഴെപ്പറയുന്ന 24 ഇനം സർട്ടിഫിക്കറ്റുകൾ ഇ – ഡിസ്ട്രിക്ട് സംവിധാനം വഴി നൽകി വരുന്നു.<br>1. ജാതി സർട്ടിഫിക്കറ്റ്<br>2. കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്<br>3. താമസക്കാരനാണെന്നുള്ള സർട്ടിഫിക്കറ്റ്<br>4. ബന്ധുത്വ സർട്ടിഫിക്കറ്റ്<br>5. നേറ്റിവിറ്റി സർട്ടിഫിക്കറ്റ്<br>6. ഡൊമിസൈൽ സർട്ടിഫിക്കറ്റ്<br>7. വരുമാന സർട്ടിഫിക്കറ്റ്<br>8. കൈവശാവകാശ സർട്ടിഫിക്കറ്റ്<br>9. തിരിച്ചറിയൽ സർട്ടിഫിക്കറ്റ്<br>10. പിൻതുടർച്ചാവകാശ സർട്ടിഫിക്കറ്റ്<br>11. സോൾവെൻസി സർട്ടിഫിക്കറ്റ്<br>12. ലോക്കേഷൻ സർട്ടിഫിക്കറ്റ്<br>13. കൺവെർഷൻ സർട്ടിഫിക്കറ്റ്<br>14. ഡിപ്പന്റൻസി സർട്ടിഫിക്കറ്റ്<br>15. അഗതി സർട്ടിഫിക്കറ്റ്<br>16. കുടുംബാംഗത്വ സർട്ടിഫിക്കറ്റ്<br>17. മിശ്ര വിവാഹ സർട്ടിഫിക്കറ്റ്<br>18. നോൺ റീ മാര്യേജ് സർട്ടിഫിക്കറ്റ്<br>19. ലൈഫ് സർട്ടിഫിക്കറ്റ്<br>20. വൺ ആന്റ് ദി സെയിം സർട്ടിഫിക്കറ്റ്<br>21. പൊസഷൻ ആന്റ് നോ അറ്റാച്ച് മെന്റ് സർട്ടിഫിക്കറ്റ്<br>22. വാല്വേഷൻ സർട്ടിഫിക്കറ്റ്<br>23. വിധവ/വിഭാര്യൻ സർട്ടിഫിക്കറ്റ്<br>24. മൈനോരിറ്റി സർട്ടിഫിക്കറ്റ് |

| | | | |
|---|---|---|---|
| (ബി) | ഇന്റർനെറ്റ് കണക്ടിവിറ്റി തകരാറുകൾ മൂലം പലപ്പോഴും ഇ-ഡിസ്ട്രിക്റ്റ് സംവിധാനത്തിലൂടെ സർട്ടിഫിക്കറ്റുകൾക്ക് അപേക്ഷിക്കുന്നതിനും ലഭ്യമാക്കുന്നതിനും കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഇന്റർനെറ്റ് കണക്ടിവിറ്റി തകരാറുകൾ മൂലവും അപേക്ഷകരുടെ ബാഹുല്യം മൂലവും ചില അവസരങ്ങളിൽ ഇ-ഡിസ്ട്രിക്റ്റ് സംവിധാനത്തിലൂടെ സർട്ടിഫിക്കറ്റുകൾക്ക് അപേക്ഷിക്കുന്നതിനും ലഭ്യമാക്കുന്നതിനും കാലതാമസം നേരിട്ടിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഐ.റ്റി. മിഷനുമായും എൻ.ഐ.സി യുമായും ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | സാങ്കേതിക തടസ്സങ്ങൾ നേരിടുന്ന അവസരങ്ങളിൽ സർട്ടിഫിക്കറ്റുകൾ നേരിട്ട് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (സി) | ഇ-ഡിസ്ട്രിക്റ്റ് പദ്ധതി വഴി നൽകുന്ന 24 ഇനം സർട്ടിഫിക്കറ്റുകൾ പൂർണ്ണമായും ഓൺലൈനായി നൽകാനാണ് ഉദ്ദേശിച്ചിട്ടുള്ളതെങ്കിലും 05.09.2013 ലെ സർക്കാർ സർക്കുലർ നം. 29086/T2/13/Rev പ്രകാരം സാങ്കേതിക തടസ്സങ്ങൾ നേരിടുന്ന അവസരങ്ങളിൽ നേരിട്ട് അപേക്ഷിക്കുന്നവരുടെ സർട്ടിഫിക്കറ്റ് നേരിട്ട് നൽകുന്നത് പരിഗണിക്കണം എന്ന നിർദ്ദേശമുണ്ട്. |

സെക്ഷൻ ഓഫീസർ